This question paper consists of 30 questions and 7 printed pages.

| | | |
|---|---|---|
| **Roll No.** <br> റോൾ നമ്പർ | | **Code No. 53/S/O/MM** <br> കോഡ് നമ്പർ |

**Set - A**

# MALAYALAM
## മലയാളം
## (232)

**Day and Date of Examination**
**(പരീക്ഷാ ദിവസവും തീയതിയും)** ____________________

**Signature of Invigilators** 1. ____________________

**(ഇൻവിജിലേറ്ററിന്റെ ഒപ്പ്)**

2. ____________________

---

**പൊതുവായ നിർദ്ദേശങ്ങൾ :**

**1** പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.

**2** ആദ്യപേജിൽ പ്രിൻറുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.

**3** ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.

**4** ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.

**5** ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

**6** ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **53/S/O/MM-A** എഴുതേണ്ടതാണ്.

# MALAYALAM

**മലയാളം**

**(232)**

സമയം : **3** മണിക്കൂർ  മാർക്ക് : **100**

---

**കുറിപ്പ് :** (1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

(2) ഒന്നു മുതൻ പതിനൊന്നുവരെ ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തങ്ങളിൽ നിന്നു് ശരിയായത് തിരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

---

**1** അല്ലൽപ്പെടുന്ന കുചേല കുടുംബിനിയായി വള്ളത്തോൾ വിശേഷിപ്പിച്ചിരിക്കുന്നതു് ആരെ? **11×1=11**

(A) സ്വന്തം അമ്മയെ  (B) മാതൃഭാഷയെ

(C) അന്യഭാഷകളെ  (D) കുചേല പത്നിയെ

**2** വി. ടി. ഭട്ടതിരിപ്പാട് അച്ഛനുമായി 'പുലിയങ്കം' നടത്തേണ്ടി വന്നതു് എന്തിന്റെ പേരിലായിരുന്നു?

(A) ഏത്തം മുട്ടലിന്റെ എണ്ണം കബളിപ്പിക്കുന്നതിന്റെ

(B) അമ്മയുടെ അമിത ലാളനയുടെ

(C) കടമ്പിൻ പൂക്കൾ പറിച്ച് ആദിത്യനെ ആരാധിക്കുന്നതിന്റെ

(D) പൂച്ചകുട്ടിയുമായുള്ള ചങ്ങാത്തത്തിന്റെ

**3** ഓണത്തിനു് സമ്മാനം പ്രതീക്ഷിച്ചിരുന്നതു് ആരിൽ നിന്നാണു്?

(A) അമ്മാവനിൽ നിന്ന്

(B) അച്ഛനിൽ നിന്ന്

(C) മാവേലിയിൽ നിന്ന്

(D) നങ്ങേലിപെണ്ണിന്റെ അങ്ങേരിൽ നിന്ന്

4 കച്ചട്ടി സ്വാമിയുടെ കാര്യത്തിൽ മജിഡ്രേട്ടിന് വിഷമം തോന്നിചതു് എന്തുകൊണ്ട്?

(A) നാട്ടുകാരുടെ അധപ്പതനം കണ്ട്

(B) നീതി നടപ്പിലാവുന്നില്ല എന്ന കണ്ട്

(C) നഷ്ടം പറ്റിയ ഒരാളെ എല്ലാവരും പരിഹസിക്കുന്നതു കണ്ട്

(D) പരബ്രഹ്മയ്യരുടെ പരാതി കേട്ട്

5 നന്ദസുതൻ നിന്ദിച്ചുവോ എന്ന് ഗോപികമാർ ചോദിക്കുന്നതു് ആരോട്?

(A) കോകിലത്തോട്

(B) അത്തിയോട്

(C) കുമ്പിട്ടു നിൽകുന്ന കുന്ദത്തോട്

(D) ഏണങ്ങളോട്

6 മൈഥിലി മയിൽപ്പേടപോലെ സന്തോഷിച്ചതു് എപ്പോൾ?

(A) ഇടിപെട്ടുന്ന ഒച്ച കേട്ടപ്പോൾ

(B) ശ്രീരാമചന്ദ്രനെ കണ്ടപ്പോൾ

(C) മയിലുകളെ കണ്ടപ്പോൾ

(D) വില്ലു മുറിഞ്ഞ ഒച്ച കേട്ടപ്പോൾ

7 നമ്മൾ നന്നാകുവാനെന്തു നല്ലു
നല്ലോരു ചൂല് മനസ്സിൽ നല്ലു - ആശയം എന്തു്?

(A) നമ്മൾ ശുചിത്വം പാലിക്കണം

(B) മനസ്സ് മാലിന്യമുക്തമാവാൻ ശ്രദ്ധിക്കണം

(C) നമ്മൾ നന്നാവുകയില്ല

(D) മനസ്സ് ചൂലുപോലെയാണു്

**8** കുടുംബജീവിതത്തെ കെടുത്തുന്ന ഘടകം ഏത്

(A) കോപം (B) പരാതി

(C) രോഗം (D) ധൂർത്ത്

**9** ബാലിയിലെ മഴയും ബാലിപ്പെണ്ണിന്റെ മനസ്സും ഒരു പോലെയാണെന്നു പറയുന്നതിന്റെ പൊരുൾ എന്ത്?

(A) പ്രതീക്ഷിച്ചിരിക്കാതെ പെയ്യുന്ന മഴ, പെട്ടെന്ന് ഉത്സാഹഭരിതമാകുന്ന മനസ്സ്

(B) രണ്ടും എപ്പോഴും ഇരുൾ മൂടിയതായിരിക്കും

(C) ബാലിയിൽ മഴ പെയ്യാറില്ല

(D) ബാലിയിൽ എപ്പോഴും മഴയായിരിക്കും.

**10** വാസവദത്തയെ കവി ആരോടാണ് ഉപമിച്ചിരിക്കുന്നത്?

(A) മഞ്ജുളാംഗിയോട്

(B) കാമദേവന്റെ രാജ്ഞിയോട്

(C) മതിമോഹിനിയോട്

(D) കഞ്ജബാണനോട്

**11** താഴെ കൊടുത്തിട്ടുള്ളവയിൽ കൂട്ടത്തിൽ പെടാത്തത് ഏത്?

(A) കഥ + ആണ് – കഥയാണ്

(B) എങ്ങനെ + ആണ് – എങ്ങനെയാണ്

(C) അത് + ഇൽ – അതിൽ

(D) വളരെ + ഏറെ – വളരെയേറെ

**12** അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. **2+2=4**

(i) കേളീരംഗം

(ii) ശനിദശ

13 രാവണന്റെ മൂഢത്വം നമ്പ്യാർ വെളിപ്പെടുത്തുന്നത് എങ്ങനെ? 2

14 ഏകമതം എന്ന സങ്കല്പം രൂപപെടുന്നത് എങ്ങനെ? 2

15 കൂത്തു എന്നാൽ എന്ത്? വിവിധതരം കൂത്തുകൾ ഏവ? 2

16 നെയ്പ്പായസത്തിലെ നായകൻ കണ്ണീർ കുട്ടികളിൽ നിന്നു മറചുവയ്ക്കാൻ ശ്രമിക്കുന്നത് എന്തുകോണ്ട്? 3

17 ഇന്ത്യയുടെ ഏകത്വം തിരിച്ചറിയാൻ കഴിയുന്നത് എപ്പോൾ? 3

18 കാവ്യരചനയെകുറിച്ചുള്ള സങ്കല്പം മനസ്വിനി എന്ന കവിതയിൽ ചങ്ങമ്പുഴ അവതരിപ്പിച്ചിരിക്കുന്നതു എങ്ങനെ? 3

19 ബാലിയിലെ ഉത്സവത്തിന്റെ എന്തെല്ലാം സവിശേഷതകളാണു് എസ്.കെ. പൊറ്റകാട്ട് അവതരിപ്പിച്ചിരിക്കുന്നത്? 3

20 ചാർട്ടുകളുടെ പ്രത്യേകത വിവരിക്കുക. 3

21 ഗോപികമാരുടെ വിരഹദു:ഖം ചെറുശ്ശേരി വർണിച്ചിരിക്കുന്നത് എങ്ങനെ? 4

22 'കുടുംബജീവിതം' എന്ന ലേഖനത്തിൽ മാതാവിന്റെ മഹത്വം കെ.പി. കേശവമേനോൻ വിവരിച്ചിരിക്കുന്നത് എങ്ങനെ? 4

23 ‘പെങ്ങളെ’കുളിച്ചുള്ള ചിന്ത കവിയെ എങ്ങനെയെല്ലാമാണ് അസ്വസ്ഥനാകുന്നത്? 4

24 ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. 5

‘പരോപകാര പ്രവണം പ്രപഞ്ചം’

25 നിങ്ങളുടെ പ്രദേശത്തെ ഒരു ഉത്സവത്തെകുറിച്ചു വിവരിച്ചു കൊണ്ട് സുഹൃത്തിന് കത്തു തയാറാക്കുക. 5

26 ‘വളർത്തുമൃഗങ്ങളി’ലെ ജാനമ്മയെകുറിച്ച് കാഥാപാത്രനിരൂപണം എഴുതുക. 5

27 ‘മരത്തിനു സ്തുതി’ എന്ന കവിതയുടെ സമകാലിക പ്രസക്തി വിവരിക്കുക. 5

28 താഴെ കൊടുത്തിരിക്കുന്ന പദ്യത്തിന് പരാവർത്തനം തയാറാക്കുക 10

കവിതെ, പച്ചച്ചിറകുള്ള നീ മഴവില്ലിൻ
കഴുത്തുമായിട്ടോറ്റയ്കിവിടെപ്പറന്നെത്തി
കാഞ്ഞിരകോമ്പത്തത്രേ വന്നിരുന്നത് കിളി
കാരുണ്യാമൃതഗംഗ ചോരുന്ന കണ്ഠത്തോടെ
അക്കഴുത്തിലെ നാനാവർണ്ണവും നറുനീരി-
ന്നൂൾക്കുളിരോലിയും ചേർന്നിന്നുമീ മലയാളം
മധുരിക്കുന്നു; പച്ചക്കിളി, നിൻ കോക്കാഴ്ത്തുന്ന
മലരും കനിയുമുൾത്തേനുമീ മലയാളം

29 ഗദ്യഭാഗം മൂന്നിലൊന്നായി സംഗ്രഹിക്കുക. **10**

ആരോഗ്യത്തെപ്പറ്റി പല നിർവചനങ്ങളും നാം കേട്ടിട്ടുണ്ട്. രോഗമില്ലാത്ത അവസ്ഥയാണു് ആരോഗ്യം എന്നതാണു് ഏറ്റവുമധികം പ്രചാരത്തിലുള്ള അഭിപ്രായം. എന്നാൽ ഈ നിർവചനം ഒരു ഗൂഢാലോചനയുടെ സന്തതിയാണു്. ഔഷധനിർമാണക്കമ്പനികളും ആശുപത്രിക്കച്ചവടക്കാരും ചേർന്ന് തങ്ങളുടെ ബിസിനസ് ലാഭകരമാക്കാനാണു് ഇങ്ങനെ ഒരു നിർവചനം ലോകമെമ്പാടും തന്ത്രപൂർവ്വം പ്രചരപ്പിച്ചത്. വാസ്തവത്തിൽ മനുഷ്യൻ ശാരീരികമായും മാനസികമായും സാമൂഹികമായും സുഖമായിരിക്കുന്ന അവസ്ഥയാണു് ആരോഗ്യം. ഈ സുസ്ഥിതി കൈവരിക്കുന്നതിൽ ഔഷദങ്ങൾക്കും അശുപത്രികൾക്കുമുള്ള പങ്ക് എത്രയെ തുച്ഛമാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ടു്.

30 ഏതെൻകിലും ഒരു വിഷയത്തെകുറിച്ച് ഉപന്യസിക്കുക. **12**

(i) ശുചിത്വഭാരതം

(ii) എല്ലാവർകും വിദ്യാഭ്യാസം

(iii) സാമൂഹിക മാധ്യമങ്ങളും യുവജനങ്ങളും.